# തിരിച്ചറിയപ്പെടേണ്ട മഹാവിപത്ത്

**കഴിഞ്ഞ** മെയ് 18-ന് വെള്ളിയാഴ്ച ജുമുഅ സമയത്ത് ഹൈദ റാബാദിലെ മക്കാ മസ്ജിദിലുണ്ടായ ബോംബ് സ്ഫോടനത്തി ന്റെ ആദ്യ റിപ്പോർട്ടുകളിൽതന്നെ ചില മുസ്‌ലിം സംഘടനക ളുടെ പേരുകൾ പരാമർശിച്ചിരുന്നു. അന്നേ ചിലരതിൽ, സംഭ വത്തിന്റെ ഉത്തരവാദിത്വം മുസ്‌ലിം സമുദായത്തിന്റെ ചുമലിൽ വെച്ചുകെട്ടാനുള്ള കുടിലതന്ത്രം മണത്തതാണ്. സംഭവം നട ന്ന് ആഴ്ചകൾ പിന്നിട്ടിട്ടും അധികൃതർക്ക് കാര്യമായ തുമ്പൊ ന്നും കിട്ടിയിട്ടില്ല. മുംബൈ സബർബൻ ട്രെയ്നിലും മാലേ ഗാവ് ഖബ്ർസ്ഥാനിലും സംഝോതാ എക്സ്പ്രസ്സിലുമുണ്ടായ ഭീകര സ്ഫോടനങ്ങളുടെ ഗതിയും ഇതുതന്നെ. പക്ഷേ, എല്ലാ സംഭവങ്ങളിലും പ്രതികൾ മുസ്‌ലിംകളാണെന്ന കാര്യത്തിൽ മാത്രം ആർക്കും തർക്കമില്ല. ദുരന്തങ്ങളുണ്ടാകുമ്പോൾ ഇരക ളുടെ മുറിവിൽ ഉപ്പുതേക്കുന്ന ക്രൂരവിനോദം മുൻ റിക്കാർഡു കളെയെല്ലാം ഭേദിച്ചിരിക്കുകയാണ് ഹൈദറാബാദ് സംഭവത്തിൽ. സർക്കാറും പോലീസും ഭരണപക്ഷവും പ്രതിപക്ഷവും വിശ കലന വിദഗ്ധരും മാധ്യമങ്ങളുമെല്ലാം ഇക്കാര്യത്തിൽ ഒറ്റക്കെ ട്ടാണ്. സാഹചര്യങ്ങൾ സത്യസന്ധമായി വിലയിരുത്തി സംഭ വത്തിന്റെ ചുരുളുകളിലേക്ക് ജനശ്രദ്ധ ക്ഷണിക്കേണ്ട മാധ്യമ ങ്ങൾ യാഥാർഥ്യങ്ങളെ കുഴിച്ചുമൂടാനാണ് കൊണ്ടുപിടിച്ചു ശ്രമി ക്കുന്നത്.

ഇന്ത്യൻ മുസ്‌ലിംകളുടെ മതാഭിമാനത്തിന്റെയും പോയ കാല പ്രതാപത്തിന്റെയും തിളക്കമാർന്ന ചിഹ്നമാണ് ഹൈദറാ ബാദിലെ മക്കാ മസ്ജിദ്. രാജ്യത്തെ പ്രമുഖ ദേശീയ ചരിത്ര സ്മാരകങ്ങളിലൊന്നായ ചാർമിനാർ ഈ മസ്ജിദിന്റെ മിനാര മാണ്. ഇങ്ങനെയുള്ള മക്കാ മസ്ജിദ് തകർക്കാൻ ബോംബു വെച്ചത് മുസ്‌ലിംകൾ തന്നെ എന്ന സംശയം ഏറെ വിചിത്രമാ ണ്. അതിലേറെ വിചിത്രമായിരിക്കുന്നു, മുസ്‌ലിം സമുദായ ത്തോട് തുറന്ന ശത്രുത പ്രഖ്യാപിക്കുകയും അവരെ ഉന്മൂലനം ചെയ്യാൻ കൊതിക്കുകയും അവസരം കിട്ടുമ്പോഴൊക്കെ അതിനു ശ്രമിക്കുകയും ബാബരി മസ്ജിദ് പട്ടാപ്പകൽ ഇടിച്ചു നിരത്തുകയും ഇനിയും അനേകായിരം മസ്ജിദുകൾ തകർത്ത് ക്ഷേത്രങ്ങളുണ്ടാക്കുമെന്ന് ഭീഷണി മുഴക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഗ്രൂപ്പുകളിലൊന്നിനെയും മക്കാ മസ്ജിദ് സ്ഫോട നാന്വേഷകർ സംശയത്തിന്റെ നിഴലിലേക്കു പോലും അടുപ്പി ക്കാതിരിക്കുന്നത്. ഇമ്മട്ടിൽ അന്വേഷണം തുടർന്നാൽ ബാബരി മസ്ജിദ് തകർത്തതും മുസ്‌ലിംകൾ തന്നെ എന്ന് നാളെ കണ്ടെത്തിക്കൂടായ്കയില്ല!

ഭീകരന്മാരായി ഇതിനകം മുദ്രയടിക്കപ്പെട്ട സംഘങ്ങളി ലേക്കു മാത്രമല്ല മസ്ജിദ് സ്ഫോടനം സംശയത്തിന്റെ അമ്പു കളെയ്യുന്നത്. 'ഇസ്‌ലാമിക ഖിലാഫത്തി'ലേക്കും 'വഹാബി പ്രസ്ഥാന'ത്തിലേക്കുമെല്ലാം അതു ചെന്നെത്തുന്നുണ്ട്. സ്ഫോട നമുണ്ടായ 18-ന് വൈകുന്നേരം ഹിന്ദി ചാനലായ 'ജൻമത്' ഒരു ടോക് ഷോ സംപ്രേഷണം ചെയ്തിരുന്നു. ഒരു കോൺഗ്രസ് എം.പി, ഒരു ബി.ജെ.പി വക്താവ്, സുരക്ഷാകാര്യ വിദഗ്ധൻ ഭരത് വർമ എന്നിവരായിരുന്നു അതിഥികൾ. ഇവർ പ്രകടിപ്പിച്ച 'സുചിന്തിത'മായ അഭിപ്രായങ്ങളുടെ സാമ്പിളിതാ: "ഈ സംഭ വങ്ങളെല്ലാം മുസ്‌ലിംകളുടെ വിക്രിയകളാണ്. അവർ നമ സ്കാരം പറയുന്നില്ല. സത് ശ്രീ അകാൽ പറയുന്നില്ല. ഗുഡ് മോർണിംഗ് പറയുന്നില്ല..... മുസ്‌ലിംകളുടെ നേട്ടത്തിനുവേണ്ടി ഇന്നെന്തു ചെയ്യാൻ കഴിയും എന്നു മാത്രമാണവർ ചിന്തിക്കു ന്നത്...... ലോകം മുഴുക്കെ ഇസ്‌ലാമിക ഖിലാഫത്ത് സ്ഥാപി ക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണീ പ്രവർത്തനങ്ങൾ... ബലപ്ര യോഗത്തിലൂടെ വഹാബിസം പ്രചരിപ്പിക്കാനുള്ള ശ്രമമാണി ത്... ഇന്ത്യയിൽ നടക്കുന്ന ഭീകരപ്രവർത്തനങ്ങളൊക്കെയും പാകിസ്താന്റെ കളിയാണ്. ഇതേ കളി നാം പാകിസ്താനിലും കളിക്കുകയാണിതിനുള്ള മറുമരുന്ന്. നമുക്കിപ്പോൾ അതിനു പറ്റിയ അന്തരീക്ഷം സജ്ജമായിരിക്കുന്നു." ലേഖനങ്ങളെഴു തിയും ചാനലുകളിൽ പ്രത്യക്ഷപ്പെട്ടും ജനങ്ങളുമായി സംവദി ക്കുന്ന ഭരത് വർമ മുസ്‌ലിം ഭീകരതയെ എങ്ങനെ അടിച്ചൊ തുക്കാമെന്ന കാര്യത്തിൽ ഗവൺമെന്റിന്റെ ഉപദേഷ്ടാവുമാണ്. അദ്ദേഹത്തിന്റേത് യാദൃഛികമോ ഒറ്റപ്പെട്ടതോ ആയ വിശകല നമല്ല. 'ലോകമെങ്ങും കുഴപ്പങ്ങളുണ്ടാക്കിക്കൊണ്ടിരിക്കുന്നത് ഏതു മതവിഭാഗമാണോ അവർ തന്നെയാണ് ഇന്ത്യയിലെ സ്ഫോടനങ്ങളുടെയെല്ലാം പിന്നിലുള്ളത്' എന്നാണ് ഒരു ഇംഗ്ലീഷ് ചാനലിലൂടെ മറ്റൊരു മാന്യൻ ഉദീരണം ചെയ്തത്.

ഇത്തരം നിരീക്ഷണങ്ങളെ അന്യഥാ തനി വങ്കത്തമായി കരുതി അവഗണിക്കാവുന്നതാണ്. പക്ഷേ, പൊതു സമൂഹ ത്തിൽ അതുളവാക്കുന്ന പ്രതികരണം പരിഗണിക്കുമ്പോൾ ഈ 'പ്രഗത്ഭന്മാർ' വെറുതെ ഓരോ വങ്കത്തങ്ങളെഴുന്നള്ളിക്കുന്നു എന്നു വിചാരിക്കുന്നതാവും വങ്കത്തം. സാമൂഹിക-സാംസ്കാ രിക പ്രശ്നങ്ങളിൽ പിടിപാടുള്ള അഭ്യസ്തവിദ്യരെ വ്യാപക മായി സ്വാധീനിച്ചുകൊണ്ടിരിക്കുന്ന മാരകമായ ചിന്താഗതിയി ലേക്കാണ് ഇത്തരം വിലയിരുത്തലുകൾ വിരൽചൂണ്ടുന്നത്. മ സ്ജിദ് സ്ഫോടനങ്ങൾക്കുത്തരവാദികൾ മുസ്‌ലിംകൾ തന്നെ എന്ന് വരുത്തിത്തീർക്കുന്നതിന്റെ ഫലം യഥാർഥ കുറ്റവാളി കളെ അനായാസം രക്ഷിക്കാൻ കഴിയുന്നുവെന്നതു മാത്രമല്ല; മസ്ജിദ് ധ്വംസനത്തിനെതിരെ മുസ്‌ലിംകളുടെ ഭാഗത്തുനിന്നു യരുന്ന പ്രതിഷേധങ്ങളുടെ നടുവൊടിക്കുകയും ചെയ്യാം. ജന ഹൃദയങ്ങളിൽ മുസ്‌ലിമിന്റെ ബീഭത്സവും വികൃതവുമായ പ്രതി ഛായ പതിക്കുകയെന്നത് ഈ തന്ത്രത്തിന്റെ മറ്റൊരു ഭീകരല ക്ഷ്യമാകുന്നു. ഇന്നത്തെ മാധ്യമപ്രചാരണങ്ങളാണ് നാളെ ബ ഹുജനാഭിപ്രായവും സമൂഹത്തിന്റെ പൊതുമനസ്സുമായി രൂപ പ്പെടുന്നത്.

ദുരന്തങ്ങളുടെ ഉത്തരവാദിത്വം സ്വന്തം തലയിൽ കെട്ടി യേൽപിക്കപ്പെടുന്നതിന്റെ കുടില ലക്ഷ്യങ്ങൾ മുസ്‌ലിം സമൂ ഹവും നേതൃത്വവും അർഹിക്കുന്ന ഗൗരവത്തോടെ തിരിച്ചറി ഞ്ഞതിന്റെ ലക്ഷണങ്ങളൊന്നും ഇനിയും പ്രകടമായിട്ടില്ല. സ ച്ചാർ കമ്മിറ്റി റിപ്പോർട്ടിനെയും, അതിനെ ആധാരമാക്കി കേന്ദ്ര ഗവൺമെന്റ് കൊണ്ടുവരാൻ പോകുന്ന ന്യൂനപക്ഷാവകാശ ബില്ലിനെയും സംബന്ധിച്ച സമ്മേളനങ്ങളിലും ചർച്ചകളിലു മാണ് അവരുടെ - ഉത്തരേന്ത്യൻ മുസ്‌ലിംകളുടെ വിശേഷിച്ചും - ശ്രദ്ധ മുഴുവൻ. തീർച്ചയായും സമുദായത്തിന്റെ സത്വര ശ്രദ്ധ യാവശ്യപ്പെടുന്ന വിഷയം തന്നെയാണത്. അതിനിടയിൽ പ ക്ഷേ, പൊതുസമൂഹത്തിന്റെ മനസ്സിൽ ഈ സമുദായത്തിന്റെ പ്രതിഛായ ഭീകരവും പ്രാകൃതവുമായിത്തീരുന്നതിലടങ്ങിയ മഹാവിപത്ത് തിരിച്ചറിയപ്പെടാതിരുന്നുകൂടാ. കാക്കത്തൊള്ളാ യിരം വിഷയങ്ങളെക്കുറിച്ച് മഹാസമ്മേളനങ്ങളും സെമിനാറു കളും സിമ്പോസിയങ്ങളും വർക്ക് ഷോപ്പുകളുമൊക്കെ സംഘ ടിപ്പിക്കുന്ന സംഘടനകളും നേതാക്കളും സമുദായത്തിന്റെ നില നിൽപിനെതിരെ ഭീഷണിയുയർത്തുന്ന ഈ അടിസ്ഥാന പ്രശ്ന ത്തെക്കുറിച്ച് കുറേക്കൂടി ഉണർന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. ■